പതിനാലാം കേരള നിയമസഭ

പത്തൊൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 1419

06.03.2020-ൽ മറുപടിക്ക്

## പാറശാല മണ്ഡലത്തിലെ വാർഷിക പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.സി.കെ. ഹരീന്ദ്രൻ | ശ്രീ. എ.സി.മൊയ്തീൻ<br>(തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി) |

എ) പാറശാല നിയോജകമണ്ഡലത്തിലെ ബ്ലോക്ക് പഞ്ചായത്ത് ഉൾപ്പെടെയുള്ള വിവിധ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഈ സാമ്പത്തിക വർഷത്തിലെ നാളിതുവരെയുള്ള വാർഷിക പദ്ധതി നിർവ്വഹണ പുരോഗതി സംബന്ധിച്ച വിശദാംശം തരംതിരിച്ച് ലഭ്യമാക്കാമോ;

എ) പാറശ്ശാല നിയോജക മണ്ഡലത്തിലെ ഗ്രാമപഞ്ചായത്തുകളുടെയും ബ്ലോക്ക് പഞ്ചായത്തുകളുടെയും ഈ സാമ്പത്തിക വർഷത്തിലെ 02.03.2020 വരെയുള്ള പദ്ധതി നിർവ്വഹണ പുരോഗതി ചുവടെ ചേർക്കുന്നു.

| ഗ്രാമപഞ്ചായത്ത് | പദ്ധതി പുരോഗതി |
|---|---|
| കള്ളിക്കാട് | 66.97% |
| പെരുങ്കടവിള | 60.65% |
| കൊല്ലയിൽ | 58.30% |
| അമ്പൂരി | 57.57% |
| കുന്നത്തുകാൽ | 56.27% |
| ആര്യങ്കോട് | 52.30% |
| വെള്ളറട | 51.30% |
| പാറശ്ശാല | 47.73% |
| ഒറ്റശേഖരമംഗലം | 44.29% |
| **ബ്ലോക്ക് പഞ്ചായത്ത്** | **പദ്ധതി പുരോഗതി** |
| പാറശ്ശാല | 60.52% |
| പെരുങ്കടവിള | 58.43% |

ബി) വാർഷിക പദ്ധതികളുടെ പ്രവർത്തനം വേഗത്തിലാക്കാൻ സർക്കാർ സ്വീകരിക്കുന്ന നടപടികൾ എന്തൊക്കെയെന്ന് വ്യക്തമാക്കാമോ;

ബി) പദ്ധതി നിർവ്വഹണത്തിന് പൂർണ്ണമായും ഒരു വർഷം ലഭിക്കുന്നതിനായും 2019 ലെ തെരഞ്ഞെടുപ്പ് പ്രമാണിച്ചും 2019-20 വാർഷിക പദ്ധതിക്ക് 2018 ഡിസംബർ 31 ന് മുമ്പ് അംഗീകാരം ലഭ്യമാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ നൽകിയിരുന്നു. പഞ്ചായത്ത് ഡയറക്ടറേറ്റ് തലത്തിൽ പ്ലാൻ

| | | | |
|---|---|---|---|
| | | | മോണിറ്ററിംഗ് സെൽ രൂപീകരിച്ച് പദ്ധതി നിർവ്വഹണ പുരോഗതി അവലോകനം ചെയ്തു വരുന്നു. ഗ്രാമവികസന കമ്മീഷണറുടെ നേതൃത്വത്തിൽ വീഡിയോ കോൺഫറൻസുകൾ മുഖേന പുരോഗതി അവലോകനം നടത്തുകയും ജില്ലാതലത്തിലും, ബ്ലോക്ക് തലത്തിലും അവലോകന യോഗങ്ങൾ കൂടുകയും ചെയ്യുന്നു. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ നേതൃത്വത്തിൽ ജില്ലാതല അവലോകന യോഗങ്ങൾ നടത്തിയിരുന്നു. |
| സി) | ഗ്രാമ-ബ്ലോക്ക്-ജില്ല പഞ്ചായത്തുകളിൽ ആസൂത്രണ സമിതി വർഷത്തിൽ എത്ര തവണ കൂടിയിരിക്കണം എന്ന് നിഷ്കർഷിച്ചിട്ടുണ്ടോ; | സി) | ഇല്ല. |
| ഡി) | ആസൂത്രണ സമിതി യോഗം ചേരേണ്ടതിന്റെ നിബന്ധനകൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ? | ഡി) | തദ്ദേശ ഭരണ സ്ഥാപനത്തിലെ പദ്ധതി ആസൂത്രണം, നിർവ്വഹണം, വിലയിരുത്തൽ എന്നീ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് വേണ്ട സഹായം നൽകുക എന്നതാണ് ആസൂത്രണ സമിതിയുടെ പ്രധാന ദൗത്യം തദ്ദേശ സ്ഥാപനത്തിന്റെ പ്രസിഡന്റ് അദ്ധ്യക്ഷനായ സമിതിയുടെ കൺവീനർ തദ്ദേശ സ്ഥാപനത്തിന്റെ സെക്രട്ടറി ആണ്. |

[signature]

സെക്ഷൻ ഓഫീസർ